(എ) നികുതി വരുമാനം	1996-97	1997-98	1998-99
		കോടിയിൽ	
1. വില്പന നികുതി	2772.28	3084.09	3366.62
2. ഭൂനികുതി	22.33	23.75	32.73
3. മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും	360.30	331.36	301.15
4. സംസ്ഥാന എക്സൈസ്	418.53	543.41	529.62
5. വാഹന നികുതി	247.59	301.63	323.31
6. മറ്റുള്ളവ	77.47	216.81	96.13
(ബി) നികുതിയിതര വരുമാനം			
1. വനം	162.00	144.91	121.03
2. ലോട്ടറി	106.63	105.51	112.31
3. മറ്റുള്ളവ	245.17	301.69	324.32
ആകെ (എ+ ബി)	4412.30	5053.16	5207.22

(സി) രാജ്യത്തൊട്ടാകെ 1996-97 മുതൽ അനുഭവപ്പെടുന്ന പൊതുവായ സാമ്പത്തിക മാന്ദ്യവും കാർഷിക, നാണ്യവിളയുടെ വിലയിടിവും ഭൂമി ക്രയവിക്രയത്തിലുണ്ടായ കുറവും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. മരം മുറിക്കുന്നതിന് സുപ്രീം കോടതി ഏർപ്പെടുത്തിയ നിയന്ത്രണം നികുതിയിതര വരുമാനത്തിലും കുറവുണ്ടായി.

(ഡി) വില്പന നികുതി, കാർഷികാദായ നികുതി, ഭൂനികുതി തുടങ്ങിയ ഇനങ്ങളിലെ തീർപ്പാക്കാത്ത കേസുകൾ മൂലം സർക്കാരിന് കുടിശ്ശികയായിട്ടുള്ള നികുതി, അവ പെട്ടെന്ന് തീർപ്പാക്കി പിരിച്ചെടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ചേരുന്ന സർക്കാർ ജീവനക്കാരുടെ അപേക്ഷകൾ

13 (2726) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ചേരുന്ന സർക്കാർ ജീവനക്കാരുടെ അപേക്ഷകൾ ഗ്രൂപ്പ് ഇൻഷ്വറൻസ് ഡയറക്ടറേറ്റിൽ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജി.ഐ.എസ്സ്.ൽ ചേരുന്നതിനുള്ള അപേക്ഷകളിന്മേൽ ഏത് വർഷം മുതൽക്കുള്ളതിൽ പാസ്സ് ബുക്ക് അനുവദിക്കുവാനുണ്ട് എന്നറിയിക്കാമോ ; ഇത്രയും കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു വർഷത്തിലേറെ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ അടിയന്തിര തീരുമാനം കൈക്കൊണ്ട് പാസ്ബുക്ക് അപേക്ഷകർക്ക് അയച്ചു കൊടുക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് വിഭാഗത്തിലെ ക്ലെയിമുകൾ ക്രമാതീതമായി വർദ്ധിച്ചപ്പോൾ ഉള്ള സ്റ്റാഫിനെ ക്ലെയിമുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയോഗിക്കേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് പാസ്ബുക്ക് എഴുതുന്നതുമായി ബന്ധപ്പെട്ട ജോലികൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ട്. ഈ കാരണംകൊണ്ട് പാസ്ബുക്കിന് വേണ്ടിയുള്ള കുറെ അപേക്ഷകൾ കെട്ടികിടക്കുന്നുണ്ട്.

(ബി) 1998 നവംബർ മുതലുള്ള അപേക്ഷകളാണ് പാസ്ബുക്ക് അനുവദിക്കുന്നതിനുവേണ്ടിയുള്ളത്. സ്റ്റാഫിന്റെ അപര്യാപ്തത കൊണ്ടാണ് കാലതാമസം നേരിടുന്നത്.

(സി) എത്രയും പെട്ടെന്ന് കുടിശ്ശിക തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഫാമിലി ബെനിഫിറ്റ് സ്കീം തുക ലഭിക്കുന്നതിന് കാലതാമസം

14 (2727) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്ക് ഫാമിലി ബെനിഫിറ്റ് സ്കീമിൽ നിക്ഷേപിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് വളരെ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റിട്ടയർ ചെയ്ത എത്ര സർക്കാർ ജീവനക്കാരുടെ എഫ്.ബി.എസി -ന്റെ ക്ലോഷർ ക്ലെയിം 29-2-2000 വരെ കൊടുത്തു തീർക്കുവാനുണ്ട് ;

(ഡി) നിലവിൽ കൊടുത്തു തീർക്കുവാനുള്ള എഫ്.ബി.എസ് ക്ലോഷർ അപേക്ഷകളിൽ ക്ലെയിം നൽകുന്നതിനായി എന്തു തുക വേണ്ടി വരുമെന്നറിയിക്കാമോ ;

(ഇ) ആറ് വർഷത്തിലധികം പഴക്കമുള്ള എത്ര എഫ്.ബി.എസ്-ന്റെ ക്ലോഷർ അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(എഫ്) ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly